# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 02/10/ 2020

## അഹിംസയുടെ പ്രവാചകന് - പ്രതിജ്ഞ ചൊല്ലി കാക്കിയുടെ ആദരം

കൊല്ലം : രാഷ്ട്രപിതാവിന്റെ ജയന്തി ദിനത്തിൽ സാമൂഹ്യ ഐക്യദാർഢ്യ പ്രതിജ്ഞ ചൊല്ലി കൊല്ലം സിറ്റി പോലീസ്. കോവിഡ് പ്രതിരോധത്തിൽ ഓരോ സേനാംഗവും പാലിക്കേണ്ട പൊരുമാറ്റചട്ടങ്ങൾ സേനാംഗങ്ങൾ ദുരിതകാലത്ത് വീട്ടിലും സമൂഹ ത്തിലും മാതൃകയാകേണ്ടതിന്റെ ആവശ്യകതയും പ്രതിജ്ഞയിൽ ഉൾകൊള്ളിച്ചിരുന്നു. മഹാത്മാവിന്റെ സ്മരണ ഉണർത്തി പരിമിതമായ സേനാംഗങ്ങൾ സാമൂഹ്യ അകലം പാലിച്ച് നടത്തിയ പരിപാടി വേറിട്ട അനുഭവമായി. രാഷ്ട്രപിതാവിന്റെ സ്മരണയിൽ ജില്ലയിലെ മുഴുവൻ പോലീസ് സ്റ്റേഷനുകളിലും ജില്ലാ പോലീസ് ഓഫീസിലും ഡ്യൂട്ടി സ്ഥലങ്ങളിലും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് കൊണ്ടാണ് രാവിലെ 11.00 മണിക്ക് ഐക്യദാർഢ്യ പ്രതിജ്ഞ നടത്തിയത്. ജില്ലാ പോലീസ് ഓഫീസിൽ വിവിധ ഇടങ്ങളി ലായി നടത്തിയ പരിപാടിയിൽ ജില്ലാ പോലീസ് മേധാവി നാരായണൻ. ടി ഐപിഎസ്സ്, സ്പെഷ്യൽ ബ്രാഞ്ച് അസിസ്റ്റന്റ് കമ്മീഷണർ നാസറുദ്ദീൻ.എസ്സ്, കൊല്ലം അസിസ്റ്റന്റ് കമ്മീഷണർ എ പ്രദീപ്കുമാർ, ഡി.സി.ആർ.ബി അസിസ്റ്റന്റ് കമ്മീഷണർ എം.എസ്സ്. സന്തോഷ്കുമാർ എന്നിവർ പ്രതിജ്ഞ ചൊല്ലി കൊടുത്തു. വിവിധ പോലീസ് സ്റ്റേഷനു കളിലും ഡ്യൂട്ടി സ്ഥലങ്ങളിലും ബന്ധപ്പെട്ട ഐ.എസ്സ്.എച്ച്.ഓ മാരും പോലീസുദ്യോഗ സ്ഥരും പ്രതിജ്ഞ ചൊല്ലി കൊടുത്തു.